**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 616** **13-01-2021 - ൽ മറുപടിയ്ക്ക്**

**ഊർജ്ജ കേരള മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ,<br>ശ്രീ. ചിറ്റയം ഗോപകുമാർ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. എൽദോ എബ്രഹാം | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വൈദ്യുതമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 'ഊർജ്ജ കേരള മിഷൻ' എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉപപദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | അടിസ്ഥാന സൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ഊർജ്ജ കേരള മിഷൻ ജൂലൈ 2018 ൽ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നു. 2021ഓടുകൂടി കേരളത്തിലെ വൈദ്യുത വിതരണരംഗം ലോകോത്തരനിലവാരത്തിൽ എത്തിക്കുക എന്ന ലക്ഷ്യവുമായി ദ്യുതി 2021, കേരളത്തിലേക്കുള്ള വൈദ്യുത ഇറക്കുമതി ശേഷി വർദ്ധിപ്പിക്കുകയും കേരളത്തിനുള്ളിൽ ഉത്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ വൈദ്യുതി എല്ലാ പ്രദേശത്തും സുഗമമായി എത്തിക്കാനാകും വിധം പ്രസരണശൃംഖല ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവുമായി ട്രാൻസ്ഗ്രിഡ് 2.0, 2021ഓടുകൂടി കേരളത്തിന്റെ ഗ്രിഡിൽ 1000 MW സൗരോർജ്ജം കൂട്ടിച്ചേർക്കുവാനായി സൗര, ഹരിതഗൃഹവാതക ങ്ങളുടെ ബഹിർഗമനം കുറച്ച് കൊണ്ടുവരുന്ന തിനോടൊപ്പം ഊർജ്ജക്ഷമത കൂടിയ LED ബൾബുകൾ ഉപയോഗിച്ച് കേരളത്തിലെ ഫിലമെന്റ് ബൾബുകൾ നിഷ്കാസനം ചെയ്യുന്നത് വിഭാവനം ചെയ്യുന്ന ഫിലമെന്റ് രഹിത കേരളം പദ്ധതി, കേരളത്തിൽ വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നത് മുന്നിൽ കണ്ട് ഇ-സേഫ് പദ്ധതി എന്നിങ്ങനെ അഞ്ച്ഫ്ലാഗ്ഷിപ്പ് പദ്ധതികളിലടങ്ങുന്നതാണ് ഊർജ്ജ കേരള മിഷൻ. |
| (സി) | സംസ്ഥാനത്തെ വൈദ്യുതി വിതരണശൃംഖല | (സി) | 2021 ഓടു കൂടി ആഗോള നിലവാരത്തിലുള്ളതും |

നവീകരിക്കുന്നതിനും വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനും ഈ പദ്ധതി മുഖേന സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ദ്യുതി 2021. വിതരണ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ചു പ്രവർത്തനം നടന്നു വരുന്നു. നാലു വർഷങ്ങൾ കൊണ്ട് 4036.3 കോടി രൂപ മുതൽ മുടക്കുള്ള വിതരണ മേഖലയിലെ വികസന പദ്ധതിയാണ് ദ്യുതി-2021 . ഇതിൽ 9936 km ഹൈടെൻഷൻ ലൈൻ വലിക്കുക, 3741 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുക HT/LT അനുപാതം പരിഷ്കരിച്ച് ലൈനുകളുടെ നിലവാരം ഉയർത്തുക, HT ലൈനുകളും ട്രാൻസ്ഫോർമറുകളും സാറ്റലൈറ്റ് മാപ്പ് ചെയ്യുക, ഫോൾട്ട് പാസ് ഡിറ്റക്ടറുകൾ സ്ഥാപിക്കുക ആവശ്യമായ ലൈനുകളിൽ ABC അഥവാ കവേർഡ് കണ്ടക്ടറുകൾ വലിക്കുക മുതലായ ആധുനികവത്കരണങ്ങൾ ഉൾപ്പെ ടുന്നു. വിതരണ മേഖലയിലെ സുരക്ഷക്ക് പ്രാധാന്യം നൽകി വിതരണ നഷ്ടം പരമാവധി കുറച്ച് ഉപഭോക്താക്കൾക്ക് തടസമില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുക എന്നദൗത്യമാണ് ദ്യുതി-2021 യിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിലേറിയ ശേഷം 2020 നവംബർ വരെ, ഏകദേശം 17 ലക്ഷം വൈദ്യുതി കണക്ഷനുകൾ നൽകിയി ട്ടുണ്ട്. ടി കാലയളവിൽ 8406 കി മീ എച്ച് റ്റി ലൈൻ, 17369 കി മീ എൽ.റ്റി ലൈൻ എന്നിവ നിർമ്മിക്കുകയും 10345 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിതരണ നഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി ശൃംഖല മെച്ചപ്പെടുത്തുന്നതിനുമായി 8266 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീഫേസാക്കി മാറ്റുകയും 3969 കി.മീ എച്ച് റ്റി ലൈൻ റീ കണ്ടക്ടറിംഗ്, 66722 കി മീ എൽ.റ്റി ലൈൻ റീ കണ്ടക്ടറിംഗ് എന്നീ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. കൂടാതെ 39.2 ലക്ഷം കേടായ മീറ്ററുകൾ ഈ കാലയളവിൽ ഇതിനോടകം മാറ്റി സ്ഥാപിച്ചു. ഇപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി മേഖലയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ വഴി 24x7 എന്ന തോതിൽ നിയന്ത്രണമില്ലാതെ വൈദ്യുതി എല്ലാവർക്കും ലഭ്യമാക്കാനും വിതരണ നഷ്ടം ചരിത്രത്തിൽ ആദ്യമായി പത്ത് ശതമാന ത്തിൽ താഴെ (9.07%) കൊണ്ടുവരാൻ സാധിച്ചതും ഒരു വലിയ നേട്ടമാണ്. വൈദ്യുത വിതരണ കമ്പനികൾ ഊർജ്ജനഷ്ടം

| | | | |
|---|---|---|---|
| | | | ക്രമമായി കുറച്ചുകൊണ്ടുവരുന്നതിനായി കേന്ദ്രസർക്കാർ കൊണ്ടുവന്ന PAT Cycle 2 ഈ കാലയളവിൽ KSEB വിജയകരമായി പൂർത്തീകരിച്ചു. KSEBയുടെ ആകെ പ്രസരണ-വിതരണ നഷ്ടവും എക്കാലത്തിലെയും കുറവായ 12.47 ശതമാനത്തിൽ എത്തിക്കാൻ സാധിച്ചു. സഞ്ചിത സാങ്കേതിക-വാണിജ്യ നഷ്ടം (അഗ്രിഗേറ്റ് ടെക്നിക്കൽ & കൊമേഴ്സ്യൽ ലോസ് – AT&C loss)ഈ കാലയളവിൽ 10.83% ആക്കി കുറയ്ക്കാൻ ആയി. |
| (ഡി) | പ്രസ്തുത പദ്ധതി മുഖേന സംസ്ഥാനത്തിന് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ഡി) | 2021 ഓടു കൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ദ്യുതി 2021. വിതരണ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ചു പ്രവർത്തനം നടന്നു വരുന്നു. നാലു വർഷങ്ങൾ കൊണ്ട് 4036.3 കോടി രൂപ മുതൽ മുടക്കുള്ള വിതരണ മേഖലയിലെ വികസന പദ്ധതിയാണ് ദ്യുതി-2021 . ഇതിൽ 9936 km ഹൈടെൻഷൻ ലൈൻ വലിക്കുക, 3741 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുക HT/LT അനുപാതം പരിഷ്കരിച്ചു ലൈനുകളുടെ നിലവാരം ഉയർത്തുക, HT ലൈനുകളും ട്രാൻസ്ഫോർമറുകളും സാറ്റലൈറ്റ് മാപ്പ് ചെയ്യുക, ഫോൾട് പാസ് ഡിറ്റക്ടറുകൾ സ്ഥാപിക്കുക ആവശ്യമായ ലൈനുകളിൽ ABC അഥവാ കവേർഡ് കണ്ടക്ടറുകൾ വലിക്കുക മുതലായ ആധുനികവത്കരണങ്ങൾ ഉൾപ്പെ ടുന്നു. വിതരണ മേഖലയിലെ സുരക്ഷക്ക് പ്രാധാന്യം നൽകി വിതരണ നഷ്ടം പരമാവധി കുറച്ചു ഉപഭോക്താക്കൾക്ക് തടസമില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുക എന്നദൗത്യമാണ് ദ്യുതി-2021 യിൽ ലക്ഷ്യമിട്ടിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിലേറിയ ശേഷം 2020 നവംബർ വരെ, ഏകദേശം 17 ലക്ഷം വൈദ്യുതി കണക്ഷനുകൾ നൽകിയി ട്ടുണ്ട്. ടി കാലയളവിൽ 8406 കി മീ എച്ച് റ്റി ലൈൻ, 17369 കി മീ എൽ.റ്റി ലൈൻ എന്നിവ നിർമ്മിക്കുകയും 10345 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിതരണ നഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി ശൃംഖല മെച്ചപ്പെടുത്തുന്നതിനുമായി 8266 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീഫേസാക്കി മാറ്റുകയും 3969 കി.മീ എച്ച് റ്റി ലൈൻ റീ കണ്ടക്ടറിംഗ്, 66722 കി മീ |

| | | | |
|---|---|---|---|
| | | | എൽ.റ്റി ലൈൻ റീ കണ്ടക്ടറിംഗ് എന്നീ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. കൂടാതെ 39.2 ലക്ഷം കേടായ മീറ്ററുകൾ ഈ കാലയളവിൽ ഇതിനോടകം മാറ്റി സ്ഥാപിച്ചു. ഇപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി മേഖലയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ വഴി 24x7 എന്ന തോതിൽ നിയന്ത്രണമില്ലാതെ വൈദ്യുതി എല്ലാവർക്കും ലഭ്യമാക്കാനും വിതരണ നഷ്ടം ചരിത്രത്തിൽ ആദ്യമായി പത്ത് ശതമാന ത്തിൽ താഴെ (9.07%) കൊണ്ടുവരാൻ സാധിച്ചതും ഒരു വലിയ നേട്ടമാണ്. വൈദ്യുത വിതരണ കമ്പനികൾ ഊർജ്ജനഷ്ടം ക്രമമായി കുറച്ചുകൊണ്ടുവരുന്നതിനായി കേന്ദ്രസർക്കാർ കൊണ്ടുവന്ന PAT Cycle 2 ഈ കാലയളവിൽ KSEB വിജയകരമായി പൂർത്തീകരിച്ചു. KSEBയുടെ ആകെ പ്രസരണ-വിതരണ നഷ്ടവും എക്കാലത്തിലെയും കുറവായ 12.47 ശതമാനത്തിൽ എത്തിക്കാൻ സാധിച്ചു. സഞ്ചിത സാങ്കേതിക-വാണിജ്യ നഷ്ടം (അഗ്രിഗേറ്റ് ടെക്നിക്കൽ & കൊമേഴ്സ്യൽ ലോസ് – AT&C loss)ഈ കാലയളവിൽ 10.83% ആക്കി കുറയ്ക്കാൻ ആയി. |

സെക്ഷൻ ഓഫീസർ